# ശ്രീ വിവേകാനന്ദ ഹൈസ്കൂൾ, പാലേമാട്

എസ് എസ് എൽ സി - മൂല്യനിർണയം വിഷയം: അടിസ്ഥാനപാഠാവലി മാർക്ക്: 20

സമയം: 40 മിനുട്ട് ജനുവരി 2023

2×1=2

1 മുതൽ 3 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിന് ഉത്തരമെഴുതുക

1. "കണ്ണുകാണാതായിട്ടും നടക്കാൻ പറ്റാതായിട്ടും നിങ്ങള് വിളിക്കുമ്പോഴൊക്കെ പറന്നെത്തും ഞാൻ എത്തുന്നുണ്ടല്ലോ. അതുതന്നെ വല്യ കാര്യം!"
അമ്മയുടെ വാക്കുകളിലെ ഭാവം എന്ത്?
(ദേഷ്യം, പിണക്കം, വിഷമം, സഹതാപം)

2. "ഒന്നിനും കൊള്ളരുതാത്തവനെന്നവൾ
ഇന്നും പഴിപറഞ്ഞേക്കും" – ഭാര്യയുടെ പഴിക്കു കാരണം?
   - അവളുടെ ആവശ്യങ്ങൾ നിറവേറ്റാത്തതിനാൽ
   - അമ്മയെ സ്നേഹിക്കുന്നതിനാൽ
   - അയാൾ കഴിവുകെട്ടവനായതുകൊണ്ട്
   - അമ്മയെ ഉപേക്ഷിക്കാൻ പറ്റാത്തതിനാൽ

3. മരിച്ചവർക്ക് <u>ദാഹജലമാ</u>യി ഇളനീർ മാത്രമേ മുറിയിൽ വയ്ക്കാറുണ്ടായിരുന്നുള്ളൂ. – അടിവരയിട്ട പദം വിഗ്രഹിച്ച് എഴുതുക.

4 മുതൽ 6 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരമെഴുതുക. 2×2=4

4. 'ഇന്നു മാങ്ങാമരം കാണാത്ത കുട്ടികൾ കേരളത്തിൽ ഉണ്ടാവില്ലെങ്കിലും ഇപ്പറഞ്ഞ പഴയ അപരിഷ്കൃത മട്ടുകൾ അവർ അറിയാനിടയില്ല.'
– വരികളിൽ സൂചിപ്പിക്കപ്പെടുന്ന വിമർശനങ്ങളെന്താണ്?

5. "ഓണമുറ്റത്ത്" കവിതയിൽ ഓണത്തപ്പനെ വരവേൽക്കാനൊരുങ്ങിനിൽക്കുന്ന പ്രകൃതിയിൽ കവി മനുഷ്യഭാവം ആരോപിച്ചിരിക്കുന്നു. ഈ പ്രസ്താവനക്ക് രണ്ട് ഉദാഹരണങ്ങൾ എഴുതുക.

6. "നാടായാലും കാടായാലും
കുഴിയായാലും കുന്നായാലും
നല്ലവർ പാർക്കുന്നെങ്കിൽ
നീയു നന്നേ, വാഴുക നിലമേ ...." വരികളിലെ ജീവിതദർശനം എന്താണ്?

7 മുതൽ 9 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരമെഴുതുക. 2×4=8

7. മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ആത്മബന്ധത്തിന്റെ മനോഹരമായ ആവിഷ്കാരം 'കൊച്ചുചക്കരച്ചി' എന്ന ഉപന്യാസത്തിലുണ്ട്. പ്രസ്താവനയോട് പ്രതികരിക്കുക.

8. പഴമയിലിഴയും പല്ലുകൊഴിഞ്ഞൊരു
പാട്ടാണെന്നു പഴിക്കാമിന്നു പ
രിഷ്കാരത്തിൻ തിണ്ണയിലുള്ളവർ
– നഷ്ടപ്പെടുന്ന നാടോടി സംസ്കാരത്തെക്കുറിച്ചുള്ള കവിയുടെ ദുഃഖം

ഓണമുറ്റത്ത് എന്ന കവിതയിൽ പ്രകടമാണോ? വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

9/ "അച്ഛൻ കിടന്നിരുന്ന മുറി ശൂന്യമായതോടെ അമ്മ പലപ്പോഴും മൗന-ത്തിലേക്ക് നീങ്ങുന്നു."

- അമ്മയുടെ ഒറ്റപ്പെടൽ എങ്ങനെയൊക്കെയാണ് കഥാകൃത്ത് അവതരിപ്പിക്കുന്നത്?

10 മുതൽ 11 വരെ ചോദ്യങ്ങളിൽ ഒരെണ്ണത്തിന് ഉത്തരമെഴുതുക.

1×6 = 6

10/. ജീവിതദുരിതങ്ങളെ സ്നേഹം കൊണ്ട് അതിജീവിക്കുന്നതിന്റെ ശക്തമായ ആവിഷ്കാരമാണ് പ്ലാവിലക്കഞ്ഞി. പാഠസന്ദർഭങ്ങൾ വിശകലനം ചെയ്ത് ഉപന്യാസം തയ്യാറാക്കുക.

11. 'മാതൃത്വം' അവഗണിക്കാനാവാത്ത ഹൃദയവികാരമാണെന്ന് 'അമ്മത്തൊട്ടിൽ' കവിത അടയാളപ്പെടുത്തുന്നുണ്ട്. കാവ്യസന്ദർഭങ്ങൾ പരിശോധിച്ച് വിലയിരുത്തുക.